# സംസ്ഥാനവാർത്തകൾ

**കോഫി ഹൗസിൽ ' രാജാ' മാത്രമല്ല, ഇനി ' റാണി' യും**

ഇന്ത്യൻ കോഫി ഹൗസിലെ വെയ്റ്റർമാരുടെ രാജകീയ വേഷത്തിലേക്ക് ഇനി ' റാണി' മാരും.61 വർഷത്തെ ചരിത്രമുള്ള കോഫി ഹൗസിൽ ഭക്ഷണം വിളമ്പാൻ വൈകാതെ വനിതകളെത്തും.തൃശ്ശൂർ മുതൽ തെക്കോട്ടുള്ള ജില്ലകളുടെ ചുമതലയുള്ള സൊസൈറ്റിക്കാണ് നിർദേശം ലഭിച്ചിരിക്കുന്നത്.ആശ്രിതനിയമനങ്ങൾക്ക് ഇനി സ്ത്രീകളെയും പരിഗണിക്കും. രാത്രി 10 വരെ നീളുന്ന ഷിഫ്റ്റുകൾ കാരണമാണ് ഇതുവരെ പരിഗണിക്കാതിരുന്നതെന്ന് കോഫി ഹൗസ് അധികൃതർ പറയുന്നു.'രാജകീയ' തൊപ്പി കോഫി ഹൗസിന്റെ മുഖമുദ്രയായതിനാൽ സ്ത്രീകൾക്കും ബാധകമായേക്കും.

**(മ.മ., 21/05)**

**വെള്ളക്കരം അടയ്ക്കാൻ ഇനി ' ക്വിക് പേ'**

വെള്ളക്കരം ഓൺലൈൻ ആയി അടയ്ക്കാൻ ' ക്വിക് പേ' സംവിധാനവുമായി ജല അതോറിറ്റി.ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള കൺസ്യൂമർ നമ്പറും കൺസ്യൂമർ ഐഡിയും ഉപയോഗിച്ചോ അതോറിറ്റി ഓഫിസുകളിൽ റജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ചോ www.epay.kwa.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് ബിൽ അടയ്ക്കാൻ സൗകര്യം.മുൻപ് ഓൺലൈൻ പേയ്മെന്റിനു വൺ ടൈം റജിസ്ട്രേഷൻ, യൂസർ നെയിം, യൂസർ ഐഡി എന്നിവ വേണ്ടിയിരുന്നു. പുതിയ സംവിധാനത്തിൽ ഇതെല്ലാം ഒഴിവാക്കി.

**(മ.മ., 21/05)**